


# ഇടുങ്ങിയ വാതിൽ

ലൂക്കാ 13:22 – 30; 1 കൊറി 16:1 – 14; നിയമാ. 4:10 – 14

ബ്ര. ജോസഫ് പാമ്പാടിയിൽ

Vol. 12, Issue: 2

**ശ്ലീ**ഹന്മാരുടെ സുവിശേഷപ്രസംഗങ്ങൾ, അവർക്ക് സഹിക്കേണ്ടി വരുന്ന പീഡനങ്ങൾ എന്നിവ അനുസ്മരിക്കുന്ന ശ്ലീഹാക്കാലത്തിലൂടെ നാം കടന്നുപോകുമ്പോൾ ശ്ലീഹാക്കാലം ഏഴാം ഞായറാഴ്ച തിരുസഭാമാതാവ് നമ്മുടെ വിചിന്തനത്തിനായി നൽകിയിരിക്കുന്നത് വി. ലൂക്കായുടെ സുവിശേഷം 13–ാം അദ്ധ്യായം 22 മുതൽ 30 വരെയുള്ള വാക്യങ്ങളാണ്. രണ്ട് പ്രധാന ചിന്തകളാണ് സുവിശേഷകൻ നമ്മുടെ മുമ്പിൽ വയ്ക്കുക. 1. രക്ഷ പ്രാപിക്കുന്നവർ ആരൊക്കെ, 2. രക്ഷയിലേക്കുള്ള വഴി.

രക്ഷ പ്രാപിക്കുന്നവർ ആരൊക്കെ എന്നുള്ള ചിന്തയ്ക്ക് പശ്ചാത്തലമൊരുക്കുകയാണ് സുവിശേഷകൻ ആദ്യഭാഗത്ത്. പട്ടണങ്ങളിലും ഗ്രാമങ്ങളിലും പഠിപ്പിച്ചുകൊണ്ട് അവൻ ജറുസലേമിലേക്ക് യാത്ര ചെയ്യുകയായിരുന്നു. ഇത് യേശുവിന്റെ ദൗത്യത്തിന്റെ സാർവ്വത്രികതയെ സൂചിപ്പിക്കുന്നു. വ്യത്യസ്തരായ ജനവിഭാഗമാണ് പട്ടങ്ങളിലും ഗ്രാമങ്ങളിലുമുള്ളത്. യേശു എല്ലാവിധ ആളുകളുടെ ഇടയിലും തന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നു. അവൻ ആരെയും മാറ്റിനിർത്താതെ എല്ലാവരെയും ഉൾച്ചേർക്കുന്നു.

ഈയൊരു പശ്ചാത്തലത്തിൽ വേണം രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോ എന്ന ചോദ്യം മനസിലാക്കിയെടുക്കുവാൻ. രക്ഷയുടെ സാർവ്വത്രികതയെ സംബന്ധിക്കുന്ന ചോദ്യം. ആരാണ് ചോദ്യം ഉന്നയിച്ചതെന്നു വ്യക്തമാക്കാതെ ഒരുവൻ എന്നുമാത്രം പരിചയപ്പെടുത്തുകയാണ് സുവിശേഷകൻ. അബ്രാഹത്തിന്റെ സന്തതികളും വാഗ്ദാനങ്ങളുടെയും ഉടമ്പടിയുടെയും അവകാശികളുമായ യഹൂദർ മാത്രമേ രക്ഷ പ്രാപിക്കൂ എ

ന്ന് യഹൂദർ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്ന കാലം. യഹൂദനായ യേശു, യഹൂദർ മാത്രമേ രക്ഷ പ്രാപിക്കൂ എന്ന് പ്രഖ്യാപിക്കുമെന്ന പ്രതീക്ഷയോടെയായിരിക്കും ഈ ചോദ്യം അവർ ഉന്നയിച്ചിട്ടുണ്ടാവുക.

ആരാണ് രക്ഷ പ്രാപിക്കുക എന്ന ചോദ്യം തന്നെ അപ്രസക്തമാക്കുന്നതാണ് യേശുവിന്റെ മറുപടി. രക്ഷ പ്രാപിക്കുന്നവർ ചുരുക്കമാണോ എന്ന ചോദ്യത്തിന്, രക്ഷയ്ക്കുള്ള വഴിയാണ് ഈശോയുടെ മറുപടി. സുവിശേഷകൻ നമ്മോടു പറഞ്ഞുവയ്ക്കുന്ന ഒന്നാമത്തെ ചിന്ത, രക്ഷ പ്രാപിച്ചു എന്ന് ആരും ഉറപ്പാക്കേണ്ട. ഏതെങ്കിലും അനുഷ്ഠാനങ്ങൾ യാന്ത്രികമായി നടത്തിയതുകൊണ്ടു മാത്രം ആരും രക്ഷ പ്രാപിക്കുകയില്ല. കാരണം, രക്ഷ സാർവ്വത്രികമാണ്. രക്ഷിക്കപ്പെടുന്നവർ ആരെന്ന് വചനം പറഞ്ഞുവയ്ക്കുന്നുണ്ട്. സക്കേവൂസിനെപ്പോലെ കർത്താവിനെ കാണാൻ ആഗ്രഹിക്കുന്നവർക്ക്, രക്തസ്രാവക്കാരി സ്ത്രീയെപ്പോലെ വിശ്വസിക്കുന്നവർക്ക്, ബർതിമേയൂസിനെപ്പോലെ നിലവിളിക്കുന്നവർക്ക്, വിജാതീയനായ ശതാധിപനെപ്പോലെ കർത്താവിലുള്ള വിശ്വാസം ഏറ്റുപറയുന്നവർക്ക്, നല്ല കള്ളനെപ്പോലെ പശ്ചാത്തപിക്കുന്നവർക്ക് ഒക്കെ കർത്താവിന്റെ രക്ഷ അനുഭവവേദ്യമാണ്.

സുവിശേഷകൻ നമുക്ക് പങ്കുവച്ചു നൽകുന്ന രണ്ടാമത്തെ ചിന്ത രക്ഷയിലേക്കുള്ള വാതിൽ ഇടുങ്ങിയതാണെന്നാണ്. രക്ഷയുടെ ഏക ഉറവിടവും ഏകമാർഗ്ഗവും യേശുക്രിസ്തു മാത്രമാണ്. യേശു തന്നെ അരുൾചെയ്തിട്ടുണ്ട്: ''ഞാനാണ് ആടുകൾക്ക് വാതിൽ.'' വാതിൽ എന്നത് ഒരു മാർഗ്ഗമായി നിൽക്കുകയാണ്. ഇടുങ്ങിയ വാതിൽ തെരഞ്ഞെടുക്കുന്നതിൽ ശ്രദ്ധാലുക്കളായിരുന്നു തിരുസഭയിലെ വിശുദ്ധന്മാർ എല്ലാവരും. ലീമായിലെ വി. റോസ് പറയുന്നു: ''നമുക്ക് സ്വർഗ്ഗത്തിലേക്കു കയറാൻ കുരിശല്ലാതെ മറ്റു ഗോവണിയില്ല.'' ശിഷ്യത്വത്തെക്കുറിച്ചു പറയുമ്പോൾ ലൂക്കാ സുവിശേഷകൻ 9-ാം അദ്ധ്യായം 23-ാം വാക്യത്തിൽ ഇപ്രകാരം പറയുന്നു: ''സ്വയം പരിത്യജിച്ച് സ്വന്തം കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ.'' ഇടുങ്ങിയ വാതിൽ കുരിശിന്റെ സഹനത്തിന്റെ വഴിയാണ്.

നമ്മുടെ ജീവിതങ്ങളിലേക്ക് പിന്തിരിഞ്ഞു നോക്കുമ്പോൾ മാനുഷികതലത്തിലും യുക്തിതലത്തിലും ഉത്തരം കിട്ടാത്ത നിരവധി ചോദ്യങ്ങൾ നമ്മുടെ മുമ്പിലുണ്ടാകും. ക്രിസ്തുവിന്റെ ശിഷ്യൻ പിന്തുടരേണ്ടത് ഇടുങ്ങിയ വഴിയാണ്. ക്രിസ്തു ലോകത്തെ പഠിപ്പിച്ചത് കുരിശിന്റെ വഴിയാണ്. കുരിശിന്റെ വഴി എന്ന ഭക്താനുഷ്ഠാനം നടത്താൻ നമുക്ക് എളുപ്പമാണ്. എന്നാൽ ജീവിതമാകുന്ന കുരിശിന്റെ വഴിയിലൂടെ സഹനങ്ങളെ നിഷേധാത്മകമായി സ്വീകരിക്കാതെ രക്ഷാകരമായി സ്വീകരിക്കുവാൻ നമുക്ക് സാധിക്കട്ടെ.

യേശുവിലൂടെ പ്രവേശിക്കുക എന്നതു മാത്രമാണ് രക്ഷക്കുള്ള മാനദണ്ഡം. ഓരോ ബലിയർപ്പണവും സ്വർഗ്ഗരാജ്യവിരുന്നിന്റെ അനുഭവം നമുക്ക് പങ്കുവച്ചു തരുന്നുണ്ട്. ക്രിസ്തു തന്റെ ശരീര-രക്തങ്ങൾ പങ്കുവച്ചു നൽകുന്ന ഈ ബലിയിൽ ഏറ്റവും ഭക്തിയോടും തീക്ഷ്ണതയോടും കൂടി യേശുവാകുന്ന വാതിലിലൂടെ പ്രവേശിക്കാൻ കൃപ തരണമേ എന്നു പ്രാർത്ഥിക്കാം. ആമ്മേൻ.